**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 47** | **08-10-2024 - ൽ മറുപടിയ്ക്ക്**

**ഖാദി മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഖാദി മേഖലയിലെ തൊഴിലാളികൾക്ക് വേതന ഇനത്തിൽ നൽകേണ്ട സർക്കാർ വിഹിതം മുടങ്ങിയതിനാൽ തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഖാദി മേഖലയിലെ മിനിമം കൂലി ഉറപ്പാക്കുന്നതിനായി 2010 മുതൽ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.<br><br>2024 -2025 സാമ്പത്തിക വർഷത്തിൽ ടി വകയിൽ സർക്കാർ 17.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി. തുക ഉപയോഗിച്ച് തൊഴിലാളികളുടെ 2023 ഡിസംബർ വരെയുള്ള കുടിശ്ശിക തുകകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് സ്കീം, വസ്തുങ്ങൾക്കുള്ള റിബേറ്റ് എന്നിവ ഉൾപ്പെടെ കുടിശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഇൻകം സപ്പോർട്ട് സ്കീമിൽപ്പെടുത്തി 17,50,00,000/- രൂപ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ലഭിക്കുകയും ടി തുക തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 12500 തൊഴിലാളികൾക്ക് നിലവിൽ വിതരണം ചെയ്തു നൽകിയിട്ടുണ്ട്.<br><br>2024-25 വർഷത്തെ ബഡ്ജറ്റിൽ റിബേറ്റ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപയിൽ 4.5 കോടി രൂപ അനുവദിയ്ക്കുകയും ആയത് പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തു. |
| (സി) | ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിലൂടെ കൂടുതൽ വിപണി കണ്ടെത്തി ഖാദി മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഖാദി ഉത്പന്നങ്ങളുടെ വൈവിദ്ധ്യവൽ ക്കരണത്തിലൂടെ കൂടുതൽ വിപണി കണ്ടെത്തി ഖാദി മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.ഉത്പന്നങ്ങളുടെ കമ്പോളം വിലയിരുത്തി ഉല്പാദന വർദ്ധനവിനും വൈവിദ്ധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കുന്നുണ്ട്. "ഖാദി പഴയ ഖാദി അല്ല" എന്ന സന്ദേശം ഉപഭോക്താക്കളിൽ എത്തുന്ന തരത്തിലുള്ള മാറ്റങ്ങളാണ് ഖാദി വസ്തുങ്ങളിൽ വരുത്തിയിട്ടുള്ളത്. പുതിയ തലമുറയെ ആകർഷിക്കത്തക്കവിധം വെസ്റ്റേൺ വെയേഴ്സ്, പാർട്ടി വെയേഴ്സ്, കാഷ്വൽ വെയേഴ്സ്, ഓഫീസ് വെയേഴ്സ് റെഡിമെയ്ഡ് ചുരിദാർ, |

| | | | |
|---|---|---|---|
| | | | ഫാഷൻ ടോപ്പ്, കിഡ്സ് വെയേഴ്സ്, അംഗൻവാടി യൂണിഫോം, ടീച്ചേഴ്സ് അപ്രോൺ, ഡോക്ടേഴ്സ് – നേഴ്സസ് കോട്ട്, കാക്കി യൂണിഫോം തുടങ്ങിയവയും പരമ്പരാഗത രീതിയിലുള്ള ഖാദി വസ്ത്രങ്ങളും വിപണിയിൽ ഇറക്കുവാൻ സാധിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ചാണ് ഖാദി ബോർഡ് ഇത് നടപ്പിൽ വരുത്തുന്നത്. ഇതു കൂടാതെ ബോർഡിന്റെ മേജർ ഷോപ്പുകളിലെല്ലാം ഡിസൈനർമാരുടെ സേവനം ലഭ്യമാണ്. കസ്റ്റമറുടെ അഭിരുചി അനുസരിച്ച് ഡിസൈൻ ചെയ്ത് നൽകുന്നുമുണ്ട്. ടി സേവനങ്ങൾ പൊതുജനങ്ങൾ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>ഓൺലൈൻ പ്ലാറ്റ്ഫോം വഴി ഖാദി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഓണത്തോടെ തുടക്കം കുറിച്ചിട്ടുണ്ട്. ഖാദി ബോർഡ് കെ.എസ്.എഫ്.ഇ യുമായി സഹകരിച്ച് കെ.എസ്.എഫ്.ഇ യുടെ ഗ്യാലക്സി ചിട്ടികളുടെ ശാഖാതല സമ്മാന പദ്ധതിയിൽ 2024 ജൂലൈ ഒന്ന് മുതൽ ഒക്ടോബർ 31 വരെയുള്ള ഓരോ ചിട്ടിയിലും പത്തിലൊരാൾക്ക് വീതം സമ്മാനമായി 3,500/- രൂപ വിലവരുന്ന ഖാദി ഉത്പന്നങ്ങൾ “ Khadi Kerala” എന്ന ആപ്പിലൂടെ ഉപഭോക്താക്കളുടെ കൈകളിൽ എത്തിച്ചേരുന്നു. 2024- ലെ ഓണകാലയളവിൽ 20 കോടി 65 ലക്ഷം രൂപയുടെ വില്പന ഖാദി ബോർഡിന് കൈവരിക്കുവാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ